ചെറുകഥ

# പാറാടൻ

• സുബൈദ കെ.കെ. ഉളിയിൽ, സൗദി അറേബ്യ

നിങ്ങളതിനെ പല പേരിലും വിളിക്കുന്നുണ്ടാകും. ആൽമരത്തിലും മറ്റും തൂങ്ങിക്കിടന്ന് അഭ്യാസം കാട്ടുന്ന ഫോറിൻ കുട പോലുള്ള പക്ഷി. സൈനു ഇതിനെ പാറാടൻ എന്നാണ് വിളിക്കാറ്. കുഞ്ഞിനെ പെറ്റ് മുലയൂട്ടുന്ന പക്ഷിയാണത്രെ അത്. പെറ്റ പെണ്ണുങ്ങളൊക്കെ നാൽപ്പത് ദിവസം മലർന്ന് കിടക്കണമെന്നാണ് സൈനുവിന്റെ നാട്ടിലെ നടപ്പ്. നെയ്യും, മരുന്ന് വരകിയതും ഒക്കെ കിട്ടും. പണിയക്കോളനിയിലെ സുന്ദരി വയറ്റിലെ കടിച്ചുപറി മാറ്റാൻ പെറ്റ് രണ്ടാംനാൾ കൂലിപ്പണിക്ക് പോയത് ചുറ്റുവട്ടത്തുള്ള എല്ലാ പെണ്ണുങ്ങളും അത്ഭുതത്തോടെ പറയുന്നത് സൈനു കേട്ടിട്ടുണ്ട്. പക്ഷേ പെറ്റാലും അനങ്ങിക്കിടക്കാത്ത പാറാടനെ സൈനുവിന് ഭയങ്കര വെറുപ്പാണ്. സൈനൂന്റെ ഉമ്മാക്ക് അതിനെ ഭയങ്കര പ്രിയവും. കൊല്ലത്തോടു കൊല്ലം അന്നത്തിന്റെ നേരമൊഴിച്ച് ബാക്കിയുള്ള സമയത്തൊക്കെ സൈനൂന്റെ ഉമ്മാനെ വായ്നാറ്റത്തിൽ നിന്ന് രക്ഷിക്കുന്നത് അതാണ് എന്നാണ് ഉമ്മാന്റെ വെപ്പ്.

ആരാന്റെ പറമ്പിലെ പഴുത്തു വീണ അടക്കയുടെ നീരാണ് അതിന്റെ പ്രധാന ഭക്ഷണം. എല്ലാവരും ഉറങ്ങുമ്പം ഉറക്കം ഒഴിച്ച് പഴുത്ത അടക്കയുടെ തോൽ പിച്ചിപറിച്ച് നീരിറുഞ്ചി കുടിച്ച് അവസാനം നല്ല പല്ലടുപ്പുള്ള ചീർപ്പോണ്ട് ചീകിയ പോലെ വാർന്നൊഴിപ്പിച്ച് താഴെയിടും.

മോന്തിക്ക് ഉറങ്ങാൻ കിടക്കുമ്പം ഉമ്മ പന്തലങ്ങാടി കാട്ടിലെ അടക്ക പഴുത്ത കവുങ്ങുകളെപ്പറ്റി ആരോടെന്നില്ലാതെ വിവരിക്കും. സൈനും മറ്റ് ഏഴ് 'ഒബാക്കറും' ആ സമയത്ത് അവിടവിടെ തുളവീണ രണ്ട് പുതപ്പിന് വേണ്ടി അങ്ങോട്ടുമിങ്ങോട്ടും കുത്തിക്കടിക്കുന്നുണ്ടാകും. ഉമ്മ പെറ്റതെല്ലാം പെണ്ണായി പോയതിന് സൈനൂന്റെ എളാമ സൈനൂനും സഹോദരിമാർക്കും ഇട്ട 'ഏ' പേരാണ് ഒബാക്കർ.

അന്നുമുതൽ 'ഏ' പേര് സൈനൂന് വെറുപ്പാണ്. അന്തിയും മോന്തിയും നേരമാകുന്നതുവരെ പുല്ലരിഞ്ഞും ഓലമടഞ്ഞും കഴിച്ചുകൂട്ടുന്ന സൈനൂന്റെ ഉമ്മ പാത്തിംതാത്ത പായ കാണുമ്പോഴേക്കും ഉറങ്ങിപ്പോവും. കാക്കകരയും മുമ്പേ എഴുന്നേൽക്കുകയും ചെയ്യും. പിന്നെ മക്കളെ എഴുന്നേൽപ്പിക്കാൻ സ്വതസിദ്ധമായ ശൈലി പയറ്റും.

"ബാല്യക്കാരത്തികൾ നേരം വെളുക്കുവോളം മനിച്ചനെ കണ്ണുചിമ്മാൻ വിടാണ്ട് കുത്തിക്കടികയിഞ്ഞിട്ട് ളൊഹറുമ്പാങ്ക് കൊടുക്കും വരെ ഒറങ്ങിക്കൊ."

കട്ടൻ ചായയൊഴിച്ച് നിറം മാറ്റിയതും മധുരത്തിന് എട്ടിലൊന്ന് വെല്ലവും, അതാണ് രാവിലത്തെ കത്തൽ. പാത്തിംതാത്ത പുല്ലിന് പോയി വരുമ്പോൾ കെട്ടിൽ പല ആമാടകളും ഉണ്ടാകും. കൊട്ടതേങ്ങ, കൊലച്ചില്, പാണല് എന്നിങ്ങനെ തെങ്ങിന്റെ തൈത്തടിയൊഴികെയുള്ള മിക്ക ഭാഗങ്ങളും. കൊലച്ചിലും പാണലും വൈകുന്നേരം തന്നെ വേർതിരിച്ച് കെട്ടാക്കിവെക്കും. സൈനൂന് ചായക്കുടി കഴിഞ്ഞ ഉടനെ ചാപ്പയിൽ പോകണം. ഇതൊന്നും അത്ര മനസ്സ് ഉണ്ടായിട്ട് ചെയ്യുന്നതല്ല. ചായക്ക് കൂട്ടാൻ കൊടുത്ത വെല്ലത്തിന്റെ വലുപ്പ ചെറുപ്പമനുസരിച്ച് ചിലപ്പോൾ സൈനു അത് പ്രകടിപ്പിക്കുകയും ചെയ്യും. പാത്തിംതാത്ത തലയിൽ വെച്ച് കൊടുക്കുന്ന കെട്ട് ശരിയാവാത്തതുപോലെ മൂന്ന് നാല് പ്രാവശ്യം യൂനിഫോമാണ്ട് ചുരുട്ടി കെട്ടിയ തെരിയനെരക്കും. ചിലപ്പോൾ കഴുത്തുളുക്കിയ പോലെ പ്ന്തുംന്ന് താഴെക്കിടും. വീണ്ടും കുറച്ച് വാരി മാറ്റി കനം കുറച്ച് തലയിൽ വെച്ച് കൊടുക്കും.

ഒരു കൈകൊണ്ട് കൊള്ളിക്കെട്ടും മറുകൈകൊണ്ട് പാൽപ്പാട്ടയും പിടിച്ച് ഒന്നൊന്നര ഫർലോങ്ങ് നടന്ന് വേണം ചാപ്പയിലെത്താൻ. അവിടെ എത്തിയാൽ ഡ്യൂട്ടിമാറും. നേരത്തെ എത്തിയ ഉപ്പാപ്പ ചാപ്പ തുറന്ന് ഭരണിയൊക്കെ നിരത്തിയിട്ടുണ്ടാവും. സൈനു പുതിയാറമ്പന്റോടെ പോയി വെള്ളംകൊണ്ട് വരുമ്പോഴേക്കും ചുള്ളിയും കൂട്ടകഷ്ണവുംവച്ച് ഉപ്പാപ്പ തീ പൂട്ടും. അതിനു ശേഷം സൈനൂന് ഗൗരവപ്പെട്ട പണിയാണ്. കടയിലേക്ക് വേണ്ട നെയ്യപ്പവും നെയ്പ്പത്തിലും ചുടണം. പണ്ടാരി എറമുക്കാക്ക പറയാതെ ലീവെടുത്ത ഒരു ദിവസം പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയതാണീപ്പണി. ഏറമു ചുടുന്നതിനേക്കാൾ കനം കുറച്ച് എണ്ണം കൂട്ടി വട്ടത്തിൽ ചുട്ട അപ്പം കുഞ്ഞമ്മദാക്കാക്ക് നന്നായി പിടിച്ചു. 'ഇനി എറമുനെ വേണ്ട. നീ നല്ല ബ്അ്സുള്ള മോളാ. ഓൻ ചുട്ടാൽ എണ്ണോം കൊറയും, കൂലിയും കൊടുക്കണം. ഇനി മുതൽ ഞമ്മക്ക് ആക്കാം.' കുഞ്ഞമ്മദാക്ക തീരുമാനിച്ചു. അന്നു മുതൽ സൈനുവാണ് ചാപ്പയിലെ പണ്ടാരി.

പക്ഷേ കോളോത്ത് ആമുക്കാക്കയും മൂരി ചാത്തുവേട്ടനും ബാർബർ നാരാണേട്ടനും ഒന്നും ഇത് കാണരുതെന്ന് സൈനൂന് നിർബന്ധമുണ്ട്.



അറബിമാഷും, ഗോയിന്നമാഷും, പോക്കറുട്ടിമാഷും ചാപ്പേൽ ചായക്ക് വന്നാൽ അവരത് വെളമ്പിക്കൊടുക്കും. പിന്നെ ക്ലാസിന് കണക്ക് ചെയ്യാൻ കിട്ടാഞ്ഞാലോ, പദ്യം കാണാതെ പഠിക്കാഞ്ഞാലോ കാര്യം പോയി. എന്ത് പണിയെടുക്കാനും സൈനൂന് മടിയില്ല. പക്ഷേ 'ഏ' പേര് അത് സൈനൂന് ചെവിയെടുത്താ കേട്ടുട.



അടക്കയും പെറുക്കി വന്നിട്ട് വേണം മദ്രസേപ്പോകാൻ. ഉമ്മാന്റെ ഒച്ച കൂടുമ്പം കുരുത്തോം പൊരുത്താം ഉള്ള സൈനൂന് പേടിയാണ്. കാരണം കൂട്ടത്തിൽ അര ബാല്യക്കാരത്തിയാണ് സൈനു. മുഴുബാല്യക്കാരത്തികൾ അസമയത്ത് പൊറത്ത് പോയാൽ വല്ല ജിന്ന് പിശാചുക്കളും പിടിക്കുന്നത് പാത്തിംതാത്താക്ക് വല്യ പേടിയാണ്.

സൂര്യൻ ഉദിക്കാൻ വിചാരിക്കും മുമ്പേ ഇറങ്ങി കാട്ടിൽ പോകാൻ ചിലപ്പോ സൈനൂന് ചെറിയ പേടി തോന്നും. ആരാന്റെ പറമ്പത്ത് അടക്ക പൊറുക്കാൻ പോകുന്നത് കുറ്റാന്ന് ഉസ്താദ് പഠിപ്പിച്ചിന് എന്നൊരു ഉദ്റും പറഞ്ഞുനോക്കും. കാട് ഞമ്മളതും ഞമ്മള് കാടിന്റേതും. 'കാട് പടച്ച പടച്ചോൻ പാറാടൻ ഈമ്പിയ രണ്ടൂന്ന് അടക്ക പെറുക്കിയതിനൊന്നും കുറ്റം തെരൂല. ഞമ്മെളന്താ കാടപ്പാട് കൈയ്യേറുന്നൊന്നുല്ലല്ലോ.' ഇതാണ് പാത്തിംത്താന്റെ തത്വം. ഇത് കേട്ടിട്ടും പോയില്ലെങ്കിൽ ഗോയിന്നേട്ടന്റെ പീടീന്ന് മദ്രസേ പോകുമ്പം സിൽക്കിന്റെ വള്ളോണ്ട് കെട്ടിയ മുടിക്കായിരിക്കും പിടിച്ച് വലിക്കുക. രാവിലെ തന്നെ നോവുന്നത് സൈനൂന് ഇഷ്ടമല്ല.

മനിച്ചന്മാര് കെടന്നൊറങ്ങുമ്പം ഒറക്കമൊയിക്കുന്ന പറാടനെ പിരാകികൊണ്ട് സൈനു കൈ രണ്ടും പിരടിയിൽ പിണച്ചുവെച്ച് കുറച്ച് നേരം ഇറയത്ത് നിൽക്കും. അങ്ങേലെ ആമാന്റെ പൊരക്ക് ചിമ്മിണി വിളക്കിന്റെ വെളിച്ചം കണ്ടാൽ ഇറങ്ങി ഓടും. പാത്തിംതാത്താനേക്കാൾ ഏറെ മുറുക്കുന്ന അനിയത്തി ആമ പിന്നാലെ ഉണ്ടാകും എന്ന ധൈര്യത്തിലാണ് സൈനൂന്റെ ഓട്ടം. ഇരുട്ടത്ത് കാലിനു തടയുന്ന അടക്കയൊക്കെ ചവിട്ടിപെറുക്കി, ഇട്ട പാവാടയുടെ മടിയിലാക്കുമ്പോഴേക്കെ ആമയെത്തൂ. 'ഇതെന്താ ഈ ഒബാക്കറെ കരിമൂർഖനൊന്നും കാണാത്തത്' എന്ന് പറഞ്ഞ് അടക്ക കിട്ടാത്തതിനുള്ള ദേഷ്യം മാറ്റി സൂര്യൻ ഉണരുന്നവരെ കാത്തിരിക്കും. സൈനു പെറുക്കുമ്പോൾ ഒഴിഞ്ഞ് പോയ രണ്ടോമൂന്നോ അടക്കയെ ആമാക്ക് കിട്ടൂ.

അടക്ക പെറുക്കി തിരിച്ച് എത്തുമ്പോഴേക്ക് പാത്തിംതാത്ത തന്റെ ഒട്ടൊടമ്പി പയ്യിന്റെ മുലയിലെ അവസാനത്തെ തുള്ളിയും കറന്നിട്ടുണ്ടാവും. 'ഉള്ള കാടൊക്കെ പൈസ ഉള്ളോല് കൈമ്മലാക്കി കൊട്ടാരം കെട്ടീറ്റ് തിന്നാൻ കൊടുക്കാൻ പുല്ല് പുഷ്പല്ലാതെയാ പാത്തിംതാത്താന്റെ പൈയ്യ് ഒട്ടൊടമ്പിയായി പോയത്.' പാത്തിംതാത്താക്ക് അതിന് സങ്കടമുണ്ട്. പക്ഷേ ആരോട് പറയാനാ.

ഇതൊന്നും പറഞ്ഞാലായില്ല. സൈനൂന് ഇനിയും പണിയുണ്ട്. അടക്ക പെറുക്കി തിരിച്ചെത്തിയ ഉടനെ വെണ്ണീർ ചാക്കിൽ നിന്ന് കൈയ്യിൽ കിട്ടിയ കരിക്കട്ട കൊണ്ട് പല്ലുതേച്ച് വരുമ്പോഴേക്ക് ചാപ്പയിലേക്കുള്ള പാൽ തൂക്കുപാട്ടയിലായിരിക്കും.

അന്നും സൈനു ഒരു വിറകുകഷ്ണത്തിനു മേൽ കയറിനിന്ന് തന്നെക്കാൾ ഉയരമുള്ള അടുപ്പിൽവെച്ച കരിപിടിച്ച ചീനച്ചട്ടിയിലേക്ക് ശ്രദ്ധാപൂർവ്വം നെയ്യപ്പം കോരി ഒഴിക്കുകയായിരുന്നു. പണികഴിഞ്ഞയുടൻ സ്കൂളിൽ പോകേണ്ടതുണ്ട്. യൂണിഫോമിൽ കരിയാവാതെ നോക്കണം. ചാപ്പയുടെ മൂലയിൽ വാഴ നാരോണ്ട് ഉപ്പാപ്പ തോർത്ത് മുണ്ടിടാൻ ഉണ്ടാക്കിയ അഴയിലേക്ക് അത് മാറ്റിയിട്ടു. പെറ്റിക്കോട്ടിനുമേൽ കുഞ്ഞമ്മദ്ക്കാക്കാന്റെ ഒരു ലുങ്കി ഉടുത്ത് ഗൗരവമാർന്ന ഒരു പാണ്ടാരിയുടെ ഭാവത്തിൽ തിളച്ച എണ്ണയിൽ ഞെരിഞ്ഞമർന്ന് പൊള്ളിപ്പൊളച്ച നെയ്യപ്പവും പത്തിലും പാകമായി പുറത്ത് ചാടാൻ ധൃതിയിൽ മുകളിൽ വരുന്നതും കാത്ത് ഒരു ഓട്ടക്കോരിയുമായി സൈനു നിന്നു. അന്നേരം പുറത്ത് വച്ച ജാഡിയിൽ നിന്ന് കുറച്ച് വെള്ളവുമെടുത്ത് ചാപ്പയുടെ പിന്നിലേക്ക് വന്ന ആമക്കാക്കാക്ക് കുട്ടി പാണ്ടാരിയെക്കണ്ട് ചിരിയടക്കാൻ കഴിഞ്ഞില്ല. 'കുഞ്ഞമ്മദ്ക്കാന്റെ പണ്ടാരിച്ചിനെ കാണണ്ടവരൊക്കെ വന്നോളിൻ' എന്ന് പറഞ്ഞ് ആമുക്കാക്ക പ്രാഥമിക കർമത്തിനായിപ്പോയി. ചായകുടിക്കാൻ വന്ന ചാത്തു ഏട്ടനും, ഗോയിന്നൻ മാഷും, അറബിമാഷും, പോക്കറുട്ടിമാഷും വന്ന് ഒളിഞ്ഞു നോക്കി. അവരൊക്കെ സൈനൂനെ പണ്ടാരി വേഷത്തിൽ കണ്ടു.

പോക്കറൂട്ടി മാഷ്ക്ക് കൊറച്ച് കൂടുതലാ... എപ്പോഴും സൈനൂനെ കളിയാക്കണം. ഒരിക്കൽ സൈനൂനെ അടിമുടി നോക്കി. പ്ലാസ്റ്റിക്ക് വയറുകൊണ്ട് മടഞ്ഞ കൊട്ട തോളിൽ തൂക്കിയിട്ട് ഇടത്തേ കൈയ്യിന്റെ ഷോൾഡർ കീറിയത് തുന്നിയപ്പം ഒരു കൈ നന്നേ കയറിപ്പോയി. 'എന്താ സൈനൂ ഫേഷൻ കുപ്പായൊക്കെ ഇട്ടിട്ടുണ്ടല്ലോ' എന്നൊരു വെപ്പ്. അന്ന് വെച്ച ആ വെപ്പ് സൈനൂന് നല്ലണം കൊണ്ടീന്. ആരോട് പറയാനാ മാഷായിപ്പോയില്ലേ. ഇനി പണ്ടാരിപ്പണി കൊണ്ടായിരിക്കും വെപ്പ്?

ഇപ്പോൾ ടീച്ചറായി വല്യ പത്രാസിൽ ലതർ ബാഗും തോളിലിട്ട് നടക്കുന്ന സൈനൂ ആയുർവേദാശുപത്രീല് കൊയമ്പ് വാങ്ങാൻ പോകുന്ന ഗോയിന്നൻ മാഷെ ഇടക്ക് കാണും. കണ്ടാൽ ഉടനെ മാഷ് ഒരു ചോദ്യാ, 'ഇതാരപ്പാ ഞമ്മളെ പണ്ടാരച്ചിയാ...'

തല എണ്ണം തികക്കാൻ കുറേ കുട്ടികളെ തേടിപിടിച്ച് കൂടെകൂട്ടി സ്കൂളിൽ പോകുന്ന സൈനു, മാഷ് വിളിച്ച 'ഏ' പേര് ആസ്വദിച്ചു കൊണ്ട് വിനയത്തോടെ പുഞ്ചിരിതൂകി കൊണ്ട് സുഖവിവരം അന്വേഷിക്കും. കിതക്കുന്ന ശബ്ദത്തിൽ വാത്സല്യത്തോടെ മറുപടി പറഞ്ഞുകൊണ്ട് മാഷ് സൈനൂനും കുട്ടികൾക്കും വഴിമാറി കൊടുക്കും.

*പാറാടൻ-വവ്വാൽ*
*മരുന്ന് വരകീയത്-പ്രസവ രക്ഷ*
*കത്തൽ- പ്രാതൽ*
*കുത്തിക്കടികയിഞ്ഞിട്ട്-അടിപിടികൂടിയിട്ട്*